പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7941 24.07.2012 ൽ മറുപടിയ്ക്ക്

ഗുരുതരമായ രോഗം ബാധിച്ചവർക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ

ചോദ്യം

ശ്രീ. പി.തിലോത്തമൻ

(എ) ഗുരുതര രോഗങ്ങൾ ബാധിച്ചവർ അംഗങ്ങളായ വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഏതെല്ലാം മാരക രോഗം ബാധിച്ചവരുടെ കുടുംബങ്ങൾക്കാണ് ഇപ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നത്; വ്യക്തമാക്കാമോ;

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005, നിലവിൽ വരുന്നതിനു മുമ്പ് ബോർഡ്, ക്യാൻസർ രോഗികൾക്ക് പ്രത്യേക മുൻഗണനയിൽ വൈദ്യുതി കണക്ഷനുകൾ നല്കിയിരുന്നു.

എന്നാൽ സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനു ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ.

കമ്മീഷൻ 10.11.2011-ൽ പുറപ്പെടുവിച്ച ഉത്തരവിലെ സപ്ലൈ കോഡിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ഈടാക്കി മാത്രമേ കണക്ഷനുകൾ നൽകാവൂ എന്ന നിർദ്ദേശപ്രകാരം ക്യാൻസർ രോഗികൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നത് തുടരുവാൻ കഴിഞ്ഞില്ല.

[... 2

എന്നാൽ ക്യാൻസർ രോഗികൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് ഉടനെതന്നെ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിപ്രകാരം വൈദ്യുതി കണക്ഷനും ഇളവുകളും ലഭിക്കുന്നതിന് ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ പരിഗണിച്ചു എന്നതിന്റെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) അപേക്ഷകൾ ഒന്നും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ